Intellect Thought Submission
MSM
mujahid students movement
KERALA

ENLIGHTENING GENERATIONS
CRE
CONTINUING RELIGIOUS EDUCATION
MUJAHID STUDENTS MOVEMENT

# CRE 2025-26

## SESSION 12

SEPTEMBER 2025

## Segment 1

10 mints

Objectives

1. സൂറഃ മനഃപാഠമാക്കൽ.
2. ഖുർആൻ ആശയം ഗ്രഹിച്ച് പഠിക്കാൻ പ്രോത്സാഹനം നൽകൽ.
3. തജ്‌വീദോടു കൂടി ഖുർആൻ പാരായണം ചെയ്യാൻ പ്രചോദിപ്പിക്കൽ.

# സൂറത്തുൽ അസ്വ്ർ

https://youtu.be/Jrf8-ek3oY4?si=ztlnZ5eUqeowhkno

بِسْمِ ٱللَّهِ ٱلرَّحْمَـٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

وَٱلْعَصْرِ ﴿١﴾

കാലം തന്നെയാണ (സത്യം)!

وَالْعَصْرِ കാലം തന്നെയാണ

إِنَّ ٱلْإِنسَـٰنَ لَفِى خُسْرٍ ﴿٢﴾

നിശ്ചയമായും, മനുഷ്യൻ നഷ്ടത്തിൽ തന്നെയാണ് ;-

إِنَّ الْإِنسَانَ നിശ്ചയമായും മനുഷ്യൻ لَفِي خُسْرٍ നഷ്ടത്തിൽ തന്നെ

﴿إِلَّا ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ وَتَوَاصَوۡاْ بِٱلۡحَقِّ وَتَوَاصَوۡاْ بِٱلصَّبۡرِ ٣﴾

വിശ്വസിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും യഥാർത്ഥത്തെ കുറിച്ച് അന്യോന്യം 'വസ്വിയ്യത്ത്' (ബലമായ ഉപദേശം) ചെയ്യുകയും, ക്ഷമയെക്കുറിച്ച് അന്യോന്യം 'വസ്വിയ്യത്ത്' ചെയ്യുകയും ചെയ്തവരൊഴികെ. [ഇവർ മാത്രം നഷ്ടത്തിൽ അല്ല]

إِلَّا الَّذِينَ യാതൊരുവരൊഴികെ آمَنُوا വിശ്വസിച്ച وَعَمِلُوا الصَّالِحَاتِ സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്ത وَتَوَاصَوْا അന്യോന്യം വസ്വിയ്യത്തും ചെയ്ത بِالْحَقِّ യഥാർത്ഥത്തെ (സത്യത്തെ – ന്യായത്തെ – കടമയെ – വേണ്ടതിനെ) പറ്റി وَتَوَاصَوْا അന്യോന്യം വസ്വിയ്യത്തും ചെയ്ത بِالصَّبْرِ ക്ഷമ (സഹനം) കൊണ്ട്

## തജ്‌വീദ്

## مخارج الحروف 2

حروف الشفتان ٥

(ഇരു ചുണ്ടുകളിൽ നിന്ന് പുറപ്പെടുന്ന അക്ഷരങ്ങൾ) :

○وَٱلۡعَصۡرِ○ إِنَّ ٱلۡإِنسَٰنَ لَفِي خُسۡرٍ

○إِلَّا ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ وَتَوَاصَوۡاْ بِٱلۡحَقِّ وَتَوَاصَوۡاْ بِٱلصَّبۡرِ

തൊണ്ടയിൽ നിന്ന് പുറപ്പെടുന്ന അക്ഷരങ്ങൾ നമ്മൾ പഠിച്ചുവല്ലോ..

മുകളിൽ നിറം നൽകിയ അക്ഷരങ്ങളിലേക്ക് ശ്രദ്ധിക്കുക. ف ، م ، ب ، و എന്നീ നാല് അക്ഷരങ്ങളാണ് ഇരു ചുണ്ടുകളിൽ നിന്ന് പുറപ്പെടുന്നത്.

- و - ഇരു ചുണ്ടുകളുടെ മധ്യഭാഗം വിടർത്തി കൊണ്ടാണ് و ഉച്ചരിക്കുന്നത്.
- ب - ഇരു ചുണ്ടുകളുടെ ഉൾഭാഗം (നനഞ്ഞ ഭാഗം) ചേർത്താണ് ب ഉച്ചരിക്കേണ്ടത്.
- م - ഇരു ചുണ്ടുകളുടെ പുറംഭാഗം ചേർത്താണ് م ഉച്ചരിക്കേണ്ടത്.
- ف - മേലെ മുൻപല്ലുകളുടെ മുന്നറ്റവും താഴെ ചുണ്ടിന്റെ മധ്യഭാഗവും ചേർന്നതാണ് ف പുറപ്പെടുന്ന സ്ഥലം.

### മറ്റു ഉദാഹരണങ്ങൾ:-

1) وَٱلسَّمَآءِ وَمَا بَنَىٰهَا

2) فَسَوۡفَ يُحَاسَبُ حِسَابًا يَسِيرًا

Segment 2

Camproot

30 MINUTES

# മനുഷ്യൻ ഭൂമിയിൽ

## *Objectives*

*1. മനുഷ്യ വംശത്തിൻറെ ചരിത്രം ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽ മനസ്സിലാക്കുക.*

*2. മനുഷ്യ സൃഷ്ടിപ്പിൻറെ ആരംഭം ഖുർആനിക വചനങ്ങളിലൂടെ പഠിക്കുക.*

---

ഈ വിഷയം എടുക്കുന്നതിന് മുന്നോടിയായി ഇതിന്റെ ആദ്യ ഭാഗമായ മൂന്നാമത്തെ സെക്ഷനിലെ ആദ്യ മനുഷ്യന്റെ സൃഷ്ടിപ്പ് എന്ന വിഷയം ഒന്നും വായിച്ചു നോക്കുക.

അൽ ബഖറഃ - 2:38

قُلْنَا ٱهْبِطُوا۟ مِنْهَا جَمِيعًا ۖ فَإِمَّا يَأْتِيَنَّكُم مِّنِّى هُدًى فَمَن تَبِعَ هُدَاىَ فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ

നാം പറഞ്ഞു: 'നിങ്ങള്‍ മുഴുവനും ഇവിടെ നിന്നു ഇറങ്ങിപ്പോയിക്കൊള്ളുക. എന്നിട്ട് എൻറെ പക്കൽനിന്ന് വല്ല മാർഗ ദർശനവും നിങ്ങൾക്കു വരുന്നപക്ഷം (അത്) - തീർച്ച തന്നെ - അപ്പോൾ എൻറെ മാർഗദർശനം ആർ പിൻപറ്റിയോ, അവരുടെ മേൽ യാതൊരു ഭയവുമില്ല; അവർ വ്യസനിക്കുകയുമില്ല.

ആദം നബിക്ക് ഹുദ കിട്ടിയതിനുശേഷം ആണ് അദ്ദേഹത്തിന് നുബുവ്വത്ത് ലഭിച്ചത്

- അൽ ബഖറഃ - 2:31

وَعَلَّمَ ءَادَمَ ٱلْأَسْمَآءَ كُلَّهَا ثُمَّ عَرَضَهُمْ عَلَى ٱلْمَلَـٰٓئِكَةِ فَقَالَ أَنۢبِـُٔونِى بِأَسْمَآءِ هَـٰٓؤُلَآءِ إِن كُنتُمْ صَـٰدِقِينَ

അവൻ (അല്ലാഹു) ആദമിനു പേരുകളെല്ലാം പഠിപ്പിച്ചു. പിന്നെ, അവരെ (ആ പേരുകളുള്ള വസ്തുക്കളെ) മലക്കുകൾക്ക് കാണിച്ചിട്ട് അവൻ പറഞ്ഞു:

'ഇവരുടെ പേരുകളെപ്പറ്റി നിങ്ങൾ എനിക്കു വിവരം പറഞ്ഞു തരുവിൻ-നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ!'

- -തുടർന്ന് അദ്ദേഹത്തിന് എല്ലാ പേരുകളും പഠിപ്പിക്കപ്പെടുകയുണ്ടായി
- മൃഗങ്ങൾ, പക്ഷികൾ, മരങ്ങൾ തുടങ്ങിയവയെല്ലാം.
- ഈ സംഭവത്തെ സൂചിപ്പിക്കുന്ന ഒരു ഹദീസ് ചുവടെ കൊടുക്കുന്നു.

حَدَّثَنَا مُسْلِمُ بْنُ إِبْرَاهِيمَ، حَدَّثَنَا هِشَامٌ، حَدَّثَنَا قَتَادَةُ، عَنْ أَنَسٍ ـ رضى الله عنه ـ عَنِ النَّبِيِّ صلى الله عليه وسلم. وَقَالَ لِي خَلِيفَةُ حَدَّثَنَا يَزِيدُ بْنُ زُرَيْعٍ حَدَّثَنَا سَعِيدٌ عَنْ قَتَادَةَ عَنْ أَنَسٍ رضى الله عنه ـ عَنِ النَّبِيِّ صلى الله عليه وسلم قَالَ " يَجْتَمِعُ الْمُؤْمِنُونَ يَوْمَ الْقِيَامَةِ فَيَقُولُونَ لَوِ اسْتَشْفَعْنَا إِلَى رَبِّنَا فَيَأْتُونَ آدَمَ فَيَقُولُونَ أَنْتَ أَبُو النَّاسِ، خَلَقَكَ اللَّهُ بِيَدِهِ وَأَسْجَدَ لَكَ مَلاَئِكَتَهُ، وَعَلَّمَكَ أَسْمَاءَ كُلِّ شَيْءٍ، فَاشْفَعْ لَنَا عِنْدَ رَبِّكَ حَتَّى يُرِيحَنَا مِنْ مَكَانِنَا هَذَا.

അവർ ആദമിൻറെ അടുക്കൽ ചെന്നു പറയും : അവിടുന്നു മനുഷ്യപിതാവാണ്. അല്ലാഹു അവൻറെ തൃക്കൈകൊണ്ട് അങ്ങയെ സൃഷ്ടിച്ചു. അങ്ങേക്കു മലക്കുകളെക്കൊണ്ട് സുജൂദും ചെയ്യിച്ചിരിക്കുന്നു. എല്ലാ വസ്തുക്കളുടെയും പേരുകളും അങ്ങേക്കവൻ പഠിപ്പിച്ചിരിക്കുന്നു. അത്കൊണ്ട് ഞങ്ങൾക്ക് ഈ സ്ഥാനത്ത് നിന്ന് ആശ്വാസം നൽകുവാൻ അങ്ങുന്ന് റബ്ബിനോട് ഞങ്ങൾക്ക് വേണ്ടി ശുപാർശ ചെയ്താൽ കൊള്ളാമായിരുന്നു!...

- അവർക്കുള്ള വലിയ താക്കീത് ആദം നബിയുടെ ജീവിതത്തിൽ നിന്ന് ഖുർആൻ നമുക്ക് നൽകുന്നു.

അഅ്റാഫ് - 7:27

يَٰبَنِىٓ ءَادَمَ لَا يَفْتِنَنَّكُمُ ٱلشَّيْطَٰنُ كَمَآ أَخْرَجَ أَبَوَيْكُم مِّنَ ٱلْجَنَّةِ يَنزِعُ عَنْهُمَا لِبَاسَهُمَا لِيُرِيَهُمَا سَوْءَٰتِهِمَآ ۗ إِنَّهُۥ يَرَىٰكُمْ هُوَ وَقَبِيلُهُۥ مِنْ حَيْثُ لَا تَرَوْنَهُمْ ۗ إِنَّا جَعَلْنَا ٱلشَّيَٰطِينَ أَوْلِيَآءَ لِلَّذِينَ لَا يُؤْمِنُونَ

ആദമിന്റെ സന്തതികളേ,പിശാചു നിങ്ങളുടെ മാതാപിതാക്കളെ സ്വർഗ്ഗത്തിൽ നിന്നു പുറത്താക്കിയതുപോലെ, നിങ്ങളെ അവൻ കുഴപ്പത്തിലാക്കാതിരുന്നുകൊള്ളട്ടെ; (അതെ) അവർക്കു രണ്ടാൾക്കും അവരുടെ നഗ്നത കാണിക്കുവാൻവേണ്ടി അവരുടെ വസ്ത്രം അവരിൽ നിന്നും നീക്കം ചെയ്തുകൊണ്ട് (പുറത്താക്കിയതു പോലെ).നിശ്ചയമായും, അവനും അവന്റെ കൂട്ടരും നിങ്ങൾ അവരെ (അങ്ങോട്ട്) കാണാത്ത വിധത്തിൽ നിങ്ങളെ (ഇങ്ങോട്ട്) കാണുന്നതാണ്. വിശ്വസിക്കാത്തവർക്കു നാം പിശാചുക്കളെ ബന്ധുമിത്രങ്ങളാക്കിയിരിക്കുന്നു.

മനുഷ്യജീവിതത്തിന്റെ പര്യവസാനം വരെ വേട്ടയടിക്കൊണ്ടിരിക്കും

അവൻ [മറ്റേവൻ] പറഞ്ഞു: 'നിശ്ചയമായും ഞാൻ നിന്നെ കൊലപ്പെടുത്തും.' അവൻ [സ്വീകരിക്കപ്പെട്ടവൻ] പറഞ്ഞു: 'സൂക്ഷ്മത പാലിക്കുന്ന [ഭയഭക്തിയുള്ള] വരിൽ നിന്നേ അല്ലാഹു സ്വീകരിക്കൂ.

- എന്നാണ് മനുഷ്യൻ ആദ്യമായി മോഷ്ടിച്ചത്?
- എന്നാണ് മനുഷ്യൻ ആദ്യമായി വ്യഭിചരിച്ചത്?
- മനുഷ്യൻ ചെയ്ത ആദ്യത്തെ പാപം എന്തായിരുന്നു?
- ഇതിനുള്ള ഉത്തരം ആദം നബിയുടെ ഇരുപുത്രന്മാരുടെ ജീവിതത്തിലുണ്ട്.

- പ്രതികരിക്കാൻ കഴിവും പ്രാപ്തിയും ഉണ്ടായിട്ടും തെറ്റ് തെറ്റാണെന്ന് മനസ്സിലാക്കുകയും അല്ലാഹുവിനെ മാത്രം ഭയന്നുകൊണ്ട് അതിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്യുന്ന ആദം നബിയുടെ മകനെ കുറിച്ച് ഖുർആൻ പറയുന്നു:

മാഇദ - 5:31

لَئِنۢ بَسَطتَ إِلَىَّ يَدَكَ لِتَقْتُلَنِى مَآ أَنَا۠ بِبَاسِطٍ يَدِىَ إِلَيْكَ لِأَقْتُلَكَ ۖ إِنِّىٓ أَخَافُ ٱللَّهَ رَبَّ ٱلْعَٰلَمِينَ

'എന്നെ കൊലപ്പെടുത്തുവാൻ വേണ്ടി എന്റെ നേരെ നിന്റെ കൈ നീ നീട്ടിയാൽ തന്നെ, നിന്നെ കൊലചെയ്വാൻ വേണ്ടി നിന്റെ നേരെ എന്റെ കൈ ഞാൻ നീട്ടുന്നവനേ അല്ല. നിശ്ചയമായും ഞാൻ, ലോക രക്ഷിതാവായ അല്ലാഹുവിനെ ഭയപ്പെടുന്നു.

ആ ഭയപ്പാടോടെ തിന്മകളോട് നോ പറയാൻ നമുക്കും കഴിയണം.

- കൊന്നവനും കൊലചെയ്യപ്പെട്ടവനും നരകത്തിൽ ആണെന്ന് നബി (സ) നമ്മളെ പഠിപ്പിക്കുകയുണ്ടായില്ലേ?

• " إِذَا الْتَقَى الْمُسْلِمَانِ بِسَيْفَيْهِمَا فَالْقَاتِلُ وَالْمَقْتُولُ فِي النَّارِ "

സഹോദരന്മാരിൽ ഒരുവൻ മറ്റവനെ കൊന്നതിന് ശേഷമുള്ള സംഭവവും ഖുർആൻ വിവരിക്കുന്നു:

മാഇദ - 5:34

فَبَعَثَ ٱللَّهُ غُرَابًا يَبْحَثُ فِى ٱلْأَرْضِ لِيُرِيَهُۥ كَيْفَ يُوَٰرِى سَوْءَةَ أَخِيهِ ۚ قَالَ يَٰوَيْلَتَىٰٓ أَعَجَزْتُ أَنْ أَكُونَ مِثْلَ هَٰذَا ٱلْغُرَابِ فَأُوَٰرِىَ سَوْءَةَ أَخِى ۖ فَأَصْبَحَ مِنَ ٱلنَّٰدِمِينَ

അപ്പോൾ, ഭൂമിയിൽ (മാന്തി) കുഴിച്ചു നോക്കുന്ന ഒരു കാക്കയെ അല്ലാഹു അയച്ചു; തന്റെ സഹോദരന്റെ നഗ്നജഢം [മൃതദേഹം] മറവു ചെയ്യുന്നതെങ്ങിനെയെന്നു അതവനു കാണിച്ചു കൊടുക്കുവാൻ വേണ്ടി. അവൻ

പറഞ്ഞു: "എന്റെ കഷ്ടമേ! ഞാൻ ഈ കാക്കയെപ്പോലെ ആയിരിക്കുകയും, അങ്ങനെ എന്റെ സഹോദരന്റെ നഗ്നജഡം [മൃതദേഹം] മറവു ചെയ്യുകയും ചെയ്‌വാൻ എനിക്കു കഴിയാതായിപ്പോയോ?!"അങ്ങനെ, അവൻ ഖേദക്കാരിൽ പെട്ടവനായിത്തീർന്നു.

**മനുഷ്യ ജീവിതത്തിലെ ഓരോ സംഭവങ്ങളും രീതികളും പല രൂപത്തിലും റബ്ബ് നമ്മെ പഠിപ്പിച്ചു**

---

## Segment 3

## PUZZLE

---

താഴെ നൽകിയിട്ടുള്ള PUZZLE ൽ 10 നബിമാരുടെ പേരുകൾ നൽകിയിട്ടുണ്ട്

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Y | U | S | U | L | A | Y | M | A | N | I | J | N | T |
| L | I | P | S | H | Y | A | U | H | Y | W | I | N | O |
| A | A | I | S | N | G | I | S | T | E | M | N | H | A |
| H | N | B | T | A | R | E | A | S | S | B | O | O | R |
| S | O | R | L | U | S | N | D | Y | U | S | U | F | Y |
| A | D | A | D | A | M | M | D | A | E | G | Q | I | D |
| H | J | H | N | P | B | I | N | Q | S | O | R | I | A |
| N | Z | I | H | R | E | M | H | U | A | R | O | O | W |
| A | O | M | E | M | D | C | T | B | N | K | D | T | U |
| K | J | N | N | R | I | M | U | H | A | M | M | A | D |
| A | N | O | N | O | A | H | W | U | S | G | I | T | F |
| S | U | G | I | J | N | I | P | D | S | A | H | A | W |

ക്ലാസ്സിൽ ഇതിന്റെ പ്രസന്റേഷൻ കാണിക്കുകയോ PUZZLE ഒരു ഗ്രൂപ്പിന് ഒന്ന് എന്ന നിലക്ക് പ്രിന്റ് എടുത്തു നൽകുകയോ ചെയ്യാം...

അഞ്ചു മിനിറ്റ് സമയം കൊണ്ട് ഏറ്റവും കൂടുതൽ നബിമാരുടെ പേരുകൾ കണ്ടെത്തുന്ന ടീമിന് പ്രോത്സാഹന സമ്മാനം നൽകാവുന്നതാണ്..

(വിദ്യാർത്ഥികളുടെ മത്സരസമയം കഴിഞ്ഞതിനുശേഷം മാത്രമേ നബിമാരുടെ പേരുകൾ പങ്കുവെക്കാവൂ.)

നബിമാരുടെ പേരുകൾ

SULAYMAN
ADAM
YUSUF
MUHAMMAD
IBRAHIM
HUD
DAWUD
MUSA
YAQUB
NOAH

---

**Segment 4** "Get it cleared" 5 mins

---

താഴെ നൽകുന്ന ഇൻസ്റ്റാഗ്രാം ലിങ്കിലെ (Deen Desk) ചോദ്യവും ഉത്തരവുമാണ് ഈ ആഴ്ച ചർച്ച ചെയ്യുന്നത്.

ചോദ്യം കോർഡിനേറ്റർ/മെൻ്റർ ചോദിച്ച ശേഷം സ്ക്രീനിൽ ഉത്തരം പ്രദർശിപ്പിച്ച് കുട്ടികളെക്കൊണ്ട് ഓരോ ഭാഗമായി വായിപ്പിക്കുകയാണ് വേണ്ടത്.

## അന്യ സ്ത്രീയോട് സലാമ് പറയാമോ ?

https://www.instagram.com/p/DDoOtMOTgjI/?igsh=MXZqdWdsOWJwMmJxZA==

## Segment 5

## QURANIC CHAPTERS

5 mins

കഴിഞ്ഞപത്ത്ക്ലാസ്സുകളിലായി നമ്മൾ 1 മുതൽ 50◌ാ◌ം സൂറത്ത്വരെയുള്ളതിന്റെ പേരുംഅർത്ഥവും ക്രമത്തിൽ പഠിച്ചല്ലോ....?!

ഇന്ന്നമുക്ക്അതിനെയെല്ലാം ഒന്ന് ഓർമിച്ചെടുക്കാൻ നോക്കിയാലോ ?

(All Quran Names and meaning in order from 1 - 50)

ആദ്യ 50 സൂറത്തുകൾഅർഥ സഹിതം തെറ്റാതെ പറയുന്നവർക്ക്സമ്മാനം നൽകാം. പേര്മാത്രം പറയുന്നവർക്കും പ്രോത്സാഹന സമ്മാനം നൽകാം.

## ASSIGNMENT

ഒരുപാട് ഇസ്ലാമികപരമായ Reels കൾ കാണുന്നവരാണ് നമ്മൾ...

എന്നാൽ അതുപോലൊരു Reels നമുക്കും ഉണ്ടാക്കിയാലോ?

ആയത്തുകളോ ഹദീസുകളോ ഉൾക്കൊള്ളുന്ന ഒരു Reel തയ്യാറാക്കി നിങ്ങളുടെ CRE വാട്സ്ആപ് ഗ്രൂപ്പിൽ അയക്കുക.

ഏറ്റവും നല്ല രൂപത്തിൽ തയ്യാറാക്കിയ Reels ന് പ്രോത്സാഹന സമ്മാനങ്ങൾ നൽകുക.

(നല്ല Reelsകൾ CRE കോഡിനേറ്റേഴ്സ് ഗ്രൂപ്പുകളിലും പങ്കുവെക്കാൻ കോഡിനേറ്റർമാർ പ്രത്യേകം ശ്രദ്ധിക്കുക)

CRE WING | MSM Kerala